"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - 2022-23 വർഷം ബഡ്ജറ്റിൽ നോൺ പ്ലാൻ സാലറി ഇനത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ആറാമത്തെ ഗഡുവായി 320 ലക്ഷം രൂപ (മൂന്ന് കോടി ഇരുപത് ലക്ഷം രൂപ മാത്രം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.1185/2022/ID തീയതി,തിരുവനന്തപുരം, 10-11-2022

പരാമർശം:-

1. 06.04.2022 -ലെ സ.ഉ(സാധാ)നം.309/2022/വ്യവ നമ്പർ സർക്കാർ ഉത്തരവ്.
2. 25.05.2022 -ലെ സ.ഉ(സാധാ)നം.492/2022/വ്യവ നമ്പർ സർക്കാർ ഉത്തരവ്.
3. 19.07.2022 -ലെ സ.ഉ(സാധാ)നം.718/2022/വ്യവ നമ്പർ സർക്കാർ ഉത്തരവ്.
4. 30.08.2022 -ലെ സ.ഉ(സാധാ)നം.949/2022/വ്യവ നമ്പർ ഉത്തരവ്.
5. 29.09.2022 -ലെ സ.ഉ(സാധാ)നം.1062/2022/വ്യവ നമ്പർ ഉത്തരവ്.
6. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 11.10.2022 -ലെ കെ.ബി.2371/2019/എ8 നമ്പർ കത്ത്.

**ഉത്തരവ്**

2022-23 -ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് നോൺ-പ്ലാൻ സാലറി ഫണ്ടിനത്തിൽ 45,10,00,000/- രൂപ (നാല്പത്തിയഞ്ചു കോടി പത്തു ലക്ഷം രൂപ മാത്രം) 2851-00-105-99-31 (നോൺ-പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. പരാമർശം ഉത്തരവുകൾ പ്രകാരം ആകെ 32,56,00,000 (മുപ്പത്തിരണ്ട് കോടി അമ്പത്താറു ലക്ഷം രൂപ മാത്രം) അഞ്ചു ഗഡുക്കളായി ഖാദി ബോർഡ് സെക്രട്ടറിയ്ക്ക് നൽകിയിരുന്നു.

2)2022-23 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും കേരള ഖാദി ഗ്രാമവ്യവസായ ബോർഡിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കും, നെയ്ത്ത്, നൂൽപ്പ് പരിശീലകരുടെ ഗ്രാറ്റുവിറ്റി വിതരണം ചെയ്യുന്നതിനുമായി ആറാമത്തെ ഗഡു അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (6) പ്രകാരം ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി സർക്കാരിന് ശിപാർശ സമർപ്പിക്കുകയുണ്ടായി.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2851-00-105-99-31-KK&VI Board-Administrative Expenses" എന്ന ശീർഷകത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ നിലവിലെ ബജറ്റ് വിഹിതമായ 1254 ലക്ഷം രൂപയിൽ നിന്നും ആറാമത്തെ ഗഡുവായി 320 ലക്ഷം രൂപ (മൂന്ന് കോടി ഇരുപത് ലക്ഷം രൂപ മാത്രം) കേരള ഖാദി ഗ്രാമവ്യവസായ ബോർഡിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കും, നെയ്ത്ത്, നൂൽപ്പ് പരിശീലകരുടെ ഗ്രാറ്റുവിറ്റി വിതരണം ചെയ്യുന്നതിനുമായി താഴെപ്പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.അനുവദിക്കുന്ന തുക ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടുള്ളതല്ല.

2.ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് മാത്രം വിനിയോഗിക്കേണ്ടതും വക മാറ്റി ചെലവഴിക്കാൻ പാടില്ലാത്തതുമാകുന്നു.

3.09/12/2008 -ലെ 84/2008/ധന, 29/08/2009 -ലെ 75/2009/ധന, 30.01.2018 -ലെ 08/2018/ധന, 16.06.2018 -ലെ 53/2018/ധന നമ്പർ പരിപത്രങ്ങളിൽ വിവക്ഷ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .

4.തുടർന്നുള്ള ഫണ്ട് റിലീസിനായുള്ള നിർദ്ദേശങ്ങളിൽ, അനുവദിച്ച തുകയെ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ചെലവിനെ സംബന്ധിച്ചുള്ള ഇനം തിരിച്ചുള്ള സാക്ഷ്യപത്രവും G.O.(Ms)No.04/2020/Fin dated 09/01/2020 ന്റെ അനുബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണ് .

5.Loan Monitoring and Fund Management System സംബന്ധിച്ച് G.O.(P)No.157/2021/Fin dated 26.11.2021 & G.O.(P)No.171/2021/Fin dated 18.12.2021 എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

4)വ്യവസായ വാണിജ്യ ഡയറക്ടർ /അഡിഷണൽ ഡയറക്ടർ തുക പിൻവലിച്ച് ഖാദി ബോർഡ് സെക്രട്ടറിക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം

വ്യവസായ വാണിജ്യ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ്ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(08.11.2022 -ലെ PU-D1/13/2021-FIN നമ്പർ കുറിപ്പ് പ്രകാരം)

ഐ & പിആർ വകുപ്പ് (ജി. ഒ. ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

കരുതൽ ഫയൽ(കെ1/94/2022/വ്യവ നം.ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by S Padmaja

Date: 11-11-2022 12:46:35

സെക്ഷൻ ഓഫീസർ